ഉത്തരം

(എ-സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ദീർഘദൂര അതിവേഗ പാത നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

എക്സ്പ്രസ് ഹൈവേയെക്കുറിച്ച് പഠനം

48 (3607) ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേയുടെ സാമ്പത്തികവും സാങ്കേതികവുമായ വയബിലിറ്റിയെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പഠനം നടത്തിയത് ആരാണെന്ന് അറിയിക്കാമോ ;

(സി) അതിന്റെ റിപ്പോർട്ട് ലഭിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ലീ അസോസിയേറ്റ്സ് സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടത്തിയ പഠനമനുസരിച്ച് ഈ പദ്ധതി സാമ്പത്തികമായും, സാങ്കേതികമായും പ്രായോഗികമാണെന്നും ഇത് സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന് വഴി ഒരുക്കുമെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

എക്സ്പ്രസ് ഹൈവേയുടെ റീച്ചുകൾ

49 (3608) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേ എത്ര റീച്ചുകളായി തിരിച്ചാണ് പണി ചെയ്യുവാനുദ്ദേശിക്കുന്നത് ;

(ബി) ഇതിൽ എവിടം വരെയുള്ള റീച്ചാണ് ആദ്യം പണി ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പണി എന്നാരംഭിച്ച് എന്ന് തീർക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) തിരുവനന്തപുരം-കാസർഗോഡ് എക്സ്പ്രസ് ഹൈവേ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചുവോ ; ഇതാരാണ് തയ്യാറാക്കിയത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly